## പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. *118

30.01.2018-ന് മറുപടിയ്ക്ക്

## അക്കാദമിക് മാസ്റ്റർപ്ലാൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ഡി. പ്രസേനൻ<br>,, ജെയിംസ് മാത്യു<br>,, ഐ.ബി. സതീഷ്<br>,, കാരാട്ട് റസാഖ് | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി മുഴുവൻ പൊതുവിദ്യാലയങ്ങളിലും അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഓരോ കുട്ടിയുടേയും അറിവും കഴിവും നൈപുണികളും അതത് പ്രായത്തിനനുസൃതമായും കരിക്കുലം വിഭാവനം ചെയ്യുന്ന പ്രകാരവും ഏറ്റവും മികവാർന്ന തലത്തിലേക്ക് വികസിപ്പിക്കേണ്ടതുണ്ട്. ഇക്കാര്യം ഉറപ്പാക്കുന്നതിന് അക്കാദമികമായി എന്തെല്ലാം ചെയ്യണമെന്ന് കൃത്യമായ ആസൂത്രണം ആവശ്യമാണ്. ഇങ്ങനെ ഒരു സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടേയും അക്കാദമിക വളർച്ച ലക്ഷ്യം വയ്ക്കുന്ന സുപ്രധാന രേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. അദ്ധ്യാപകരുടേയും വിദ്യാഭ്യാസ വിദഗ്ദ്ധരുടേയും ജനപ്രതിനിധികളുടേയും രക്ഷിതാക്കളുടേയും വിദ്യാഭ്യാസ തൽപ്പരരായ എല്ലാവരുടേയും സഹായത്താൽ ജനകീയമായി ഗുണമേന്മാ വിദ്യാഭ്യാസത്തിനായുള്ള ആസൂത്രണവും നിർവ്വഹണവും നടത്തുക എന്നതും അക്കാദമിക മാസ്റ്റർ പ്ലാൻ ലക്ഷ്യം വയ്ക്കുന്നു. |

(സി) സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം വിശദമായി പരിശോധിച്ചതിന് ശേഷമാണോ പദ്ധതിക്ക് രൂപം നൽകുന്നതെന്ന് അറിയിക്കാമോ;

(സി) എല്ലാ സർക്കാർ /എയ്ഡഡ് സ്കൂളുകളിലെയും വിദ്യാർത്ഥികളുടെ പഠന നിലവാരം പരിശോധിച്ചതിന് ശേഷം അതനുസരിച്ചാണ് പദ്ധതി നടപ്പിൽ വരുത്തുന്നത്.

(ഡി) പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനായി ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്താൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

(ഡി) അക്കാദമിക വികസന രേഖയ്ക്ക് അനുസൃതമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന എല്ലാ ഘട്ടങ്ങളിലും ജനപ്രതിനിധികൾ, രക്ഷിതാക്കൾ, വിദ്യാഭ്യാസ വിദഗ്ദ്ധർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ അഭിപ്രായങ്ങൾ കണക്കിലെടുത്തുകൊണ്ട് കൂടിയാലോചനകൾ നടത്തി കുട്ടികളുടെ സമഗ്ര വികസനത്തിന് ഉതകുന്ന ജനകീയമായ ഒരു അക്കാദമിക മാസ്റ്റർ പ്ലാൻ വികസിപ്പിച്ചെടുക്കാനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

ജനകീയമായ അക്കാദമിക മാസ്റ്റർപ്ലാൻ മുഖേന അദ്ധ്യയനം കൂടുതൽ ശിശുകേന്ദ്രീകൃതമാക്കുന്നതിനും ഉദ്ദേശിക്കുന്നു. ഇതിലൂടെ നിത്യജീവിതവുമായി പാഠഭാഗങ്ങൾ ബന്ധപ്പെടുത്തുന്നതിനും ആയതിന്മേലുള്ള ഒരു വിശകലനം നടത്തുകവഴി വിദ്യാർത്ഥികൾക്ക് പൊതുസമൂഹവുമായി സംവാദങ്ങൾ നടത്തുന്നതിനും പ്രോത്സാഹിപ്പിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ